# ദൈവത്തെ പ്രസാദിപ്പിക്കുക

## മലാഖി 1:9

''ആകയാൽ ദൈവം തന്നോടു കൃപ കാണിപ്പാൻ തക്കവണ്ണം അവനെ പ്രസാദിപ്പിച്ചു കൊൾവിൻ.''

പ്രസാദമുള്ള അല്ലെങ്കിൽ സന്തോഷമുള്ള ഒരു ജീവിതം നയിക്കുക എന്നതും, നമ്മുടെ ജീവിതംകൊണ്ട് മറ്റുള്ളവരെ കൂടി പ്രസാദിപ്പിക്കാൻ ഇടയാകുകയും ചെയ്താൽ അത് തീർച്ചയായും ഒരു മഹത്തായ കാര്യം തന്നെ ആകുന്നു. എന്നാൽ പ്രസാദത്തിന്റെ ഉറവ ഏതാകുന്നു അഥവാ ആരെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം ആകുന്നു എന്നതാണ് പ്രാധാന്യം. ''ദൈവം നമ്മോടു കൃപ കാണിപ്പാൻ അവനെ പ്രസാദിപ്പിച്ചു കൊൾവിൻ'' എന്നതാണല്ലോ നാം വായിച്ചതായ വേദഭാഗം. വളരെ ഗൗരവമായ ഒരു കാര്യം അവതരിപ്പിച്ചതിനു ശേഷമാണ് പ്രസ്തുതവാക്യം രേഖപ്പെടുത്തുന്നത്. കണ്ണുപൊട്ടിയതിനെയും, മുടന്തും, ദീനവും ഉള്ളതിനെയും യാഗം കഴിപ്പാൻ ഒരുങ്ങുന്ന ജനം (മലാഖി 1:8) അത് ദേശാധിപതിക്ക് കാഴ്ച വെച്ചാൽ പ്രസാദിക്കുമോ എന്നാണ് ചോദിക്കുന്നത്.

തീർച്ചയായും നമ്മെ വളരെ ചിന്തിപ്പിക്കുന്ന ഒരു കാര്യം തന്നെയാണിത്. ദൈവത്തെ പ്രസാദിപ്പിക്കാൻ ആണെന്ന ധാരണയിൽ ഇന്ന് പലതും മനുഷ്യൻ അവന്റെ തീരുമാനത്തിനും യുക്തിക്കും അനുസരിച്ചു ചെയ്യുന്നു, ചിന്തിക്കുന്നു, ക്രമീകരിക്കുന്നു. മാത്രമല്ല താൻ ഒരു ദൈവഭക്തനാണെന്നു സമൂഹത്തിൽ വെളിപ്പെടുത്തുന്ന ജീവിത അനുഭവങ്ങളും കാണിക്കുന്നു. അപകടം പിടിച്ച ഒരു അവസ്ഥ തന്നെ. അതെ യഥാർത്ഥ ദൈവപൈതൽ ആരെന്ന് നമുക്ക് അറിയാനും മനസ്സിലാക്കാനും വയ്യാത്ത സാഹചര്യം. പ്രസാദം തരുന്നവനെ പ്രസാദിപ്പിക്കാൻ കഴിയാത്ത ഒരു അനുഭവം.

ദൈവകൃപ എന്ന മനോഹരമായ അനുഭവം ആണ് ഒരു ദൈവപൈതലിനെ ഈ ലോകത്തിൽ നിലനിർത്തുന്നത്, പരിജ്ഞാനത്തിൽ നടത്തുന്നത്, ശക്തിപ്പെടുത്തുന്നത്. കൃപ വേണമെങ്കിൽ തീർച്ചയായും ദൈവപ്രസാദവും ഉണ്ടാകണം എന്നു തന്നെ ഇവിടെ കാണുന്നു.

മനുഷ്യനെ പ്രസാദിപ്പിക്കാൻ എന്തുവില കൊടുക്കാനും ഏതു രീതിയിലും അധഃപതിക്കുവാനും ഒരുക്കമുള്ള ഒരു ചുറ്റുപാട്. ദൈവികമായ സന്തോഷവും, പ്രസാദവും എന്നാൽ വാസ്തവമായി അനുഭവിക്കാൻ സാധിക്കുന്നുണ്ടോ? ഒരു തരത്തിൽ പറഞ്ഞാൽ അവ എന്തെന്ന് വാസ്തവമായി അനുഭവിക്കാൻ പറ്റുന്നില്ല. അല്ലെങ്കിൽ പ്രസാദമുള്ളവരായി നടിക്കുന്നു, ദൈവത്തെ പ്രസാദിപ്പിക്കുന്നവരായി ലോകത്തിനു മുമ്പാകെ അഭിനയിക്കുന്നു എന്നുതന്നെ പറയാം.

ദൈവത്തിൽ നിന്നു പ്രസാദം ലഭിക്കാൻ ഇന്ന് ദാനധർമ്മം ചെയ്യുന്നു. നേർച്ച കാഴ്ചകൾ കൊടുക്കുന്നു. അങ്ങനെ നീണ്ട പട്ടിക നമുക്ക് കാണാം. എന്നാൽ അവന്റെ ഹൃദയം ദൈവസന്നിധിയിൽ നിന്നും അനേക മൈലുകൾ അകലെ ആയിരിക്കുന്നു. പലതും കാട്ടിക്കൂട്ടി നിത്യനായ ദൈവത്തെ തുച്ഛീകരിക്കരുതെന്ന് താക്കീത് നമുക്ക് തരുക യാണ്.

ബുദ്ധികൊണ്ടും, ആരോഗ്യംകൊണ്ടും, സൗന്ദര്യംകൊണ്ടും, കഴിവുകൊണ്ടു മൊക്കെ മറ്റുള്ളവരെ ആകർഷിക്കുവാനും പ്രസാദിപ്പിക്കുവാനും നോക്കുന്നു, എന്നാൽ ഇവയൊക്കെ ദൈവം തന്ന താലന്തുകളും ദാനങ്ങളും മാത്രം. പുകഴുവാൻ ഒന്നുമില്ല. അതേ പ്രിയരേ, പ്രസ്തുത വേദഭാഗം ഇന്നത്തെ നാം ആയിരിക്കുന്ന സമൂഹമധ്യേ ആഴ ത്തിൽ ഒന്ന് ശോധന ചെയ്തു നോക്കണം. ഹാബേലിലും, അവന്റെ യാഗത്തിലും പ്രസാദി ച്ചവനായ ദൈവം, ആദ്യം നമ്മിൽ പ്രസാദിക്കണം. ശേഷം മാത്രമാകുന്നല്ലോ യാഗം. താഴ്മയും സമർപ്പണബോധവും ഉള്ള ഒരു ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ കഴി ഞ്ഞാൽ മതി. അതുമാത്രം മതി ദൈവത്തിനു പ്രസാദം ഉണ്ടാകുവാൻ, കൃപയുടെ ഒഴുക്ക് അവിടെ ഉണ്ടാകുന്നു.

നാളിതുവരെ ഒടിഞ്ഞതും, ചതഞ്ഞതും, മുടന്തും, ഊനവും ആയി നമ്മെത്തന്നെ ദൈവസന്നിധിയിൽ അർപ്പിച്ചിട്ടുണ്ടെങ്കിൽ ഒരു മടങ്ങി വരവിനായി പ്രാർത്ഥിക്കാം, അല്പമേ ഉള്ളൂ എങ്കിലും പൂർണ്ണഹൃദയത്തോടെ നേരായ ഉദ്ദേശശുദ്ധിയോടെ ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് ജീവിക്കാൻ ഇടയാകണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

യെശയ്യാവു 63:7

യഹോവ നമുക്കു നല്കിയതുപോലെ ഒക്കെയും ഞാൻ യഹോവയുടെ പ്രീതിവാത്സല്യത്തെയും യഹോവയുടെ സ്തുതിയെയും അവന്റെ കരുണയ്ക്കും മഹാദയെക്കും ഒത്തവണ്ണം അവൻ യിസ്രായേൽ ഗൃഹത്തിന്നു കാണിച്ച വലിയ നന്മയെയും കീർത്തിക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 118**